

TUESDAY 23-05-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/05/2023.

1. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന ''കരപ്പുറം കാർഷിക കാഴ്ചകൾ'' കാർഷികമേളയോടനുബന്ധിച്ച് ഇന്ന് ''സ്ത്രീ ശാക്തീകരണം കാർഷിക മേഖലയിൽ, കാർഷിക മേഖലയിലെ സ്ത്രീ സൗഹൃദ സംരംഭകത്വ സാധ്യതകൾ, സ്ത്രീ സംരംഭകരുടെ അനുഭവ വിവരണം'' എന്നീ വിഷയങ്ങളിൽ കാർഷിക സെമിനാറും നാടൻ പാട്ട് മത്സരവും കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനികൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതിനായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. വിവിധ മാവിനങ്ങളായ നീലം, ചന്ദ്രക്കാരൻ മല്ലിക, സിന്ദൂരം, ബംഗനാ ഹള്ളി, അൽഫോൺസ, ബെന്നറ്റ്അൽഫോൺസ, കൊളമ്പ്, കാലാപ്പാടി, ആപ്പിൾ റുമാനിയ എന്നിവയും റംമ്പൂട്ടാൻ ഗ്രാഫ്റ്റ്, ചാമ്പ ലയർ, മോഹിത് നഗർ, കാസർഗോടൻ എന്നീ കവുങ്ങിനങ്ങളും അവക്കാഡോ ഗ്രാഫ്റ്റ്, കുറ്റി കുരുമുളക് , കുരുമുളക് ഗ്രാഫ്റ്റ് നാരകം, കുരുമുളക് തൈ, കറിവേപ്പ്, ആര്യവേപ്പ്, പാഷൻ ഫ്രൂട്ട്, ഗ്രാമ്പൂ, പേര, അനാർ, റംമ്പൂട്ടാൻ, സർവ്വ സുഗന്ധി, ഞാവൽ, ആത്തച്ചക്ക, പനീർ ചാമ്പ, തെങ്ങ്

എന്നിവ ലഭ്യമാണ്. കൂടുതൽ വിവിരങ്ങൾക്ക് 0495 2935850 ,9188223584 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ച് വരുന്ന ആടുകളെ നാളെ (24.05.2023) പകൽ 11 മണിക്ക് പരസ്യ ലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം രാവിലെ 10.30 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരത ദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470302 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

5. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

6. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള അഗ്രോ സൂപ്പർ ബസാറിൽ' തെങ്ങിന്റെ കുള്ളൻ ഇനങ്ങളായ മലയൻ യെല്ലോ ഡ്വാർഫ്, മലയൻ ഗ്രീൻ ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് എത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471-2471343, 2471346 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി.**

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 25 ന് രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 മെയ് 24 മുതൽ 26 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

കാർഷിക നിർദ്ദേശം

9. വെറ്റിലക്കൃഷിയിൽ ഇടവക്കൊടി നടുന്നതിന് അനുയോജ്യമായസമയമാണ് മെയ് -ജൂൺ മാസങ്ങൾ. നല്ല തണലുള്ളതും നനയ്ക്കാൻ വെള്ളം കിട്ടുന്നതുമായ പറമ്പുകളാണ് വെറ്റിലകൃഷിക്കു നല്ലത്. കിളച്ചൊരുക്കിയ മണ്ണിൽ 10-15 മീറ്റർനീളത്തിൽ ഒരു മീറ്റർ ഇടയകലം കൊടുത്തു മുക്കാൽ മീറ്റർ വീതിയിലും ആഴത്തിലുമെടുത്ത ചാലുകളിൽ ഉണക്കിപ്പൊടിച്ച ചാണകവും ചാരവും കലർത്തി വേണം വെറ്റിലകൊടി നടാൻ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം